**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **30-01-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യൂ ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വികസനക്കുതിപ്പിന് ഉത്തേജനം പകരുന്ന വിഴിഞ്ഞം തുറമുഖം പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടം കരാർ പ്രകാരം പൂർത്തിക്കരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3 ന് ആയിരുന്നു. എന്നാൽ, കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് യഥാസമയം ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത്. ടി ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് കരിങ്കല്ല് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ്/ ഏജൻസികളെ ഏകോപിച്ചും ത്വരിതപ്പെടുത്തികൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ തലത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാർ കമ്പനി സമർപ്പിച്ച പുതുക്കിയ ഷെഡ്യൂൾ പ്രകാരം പദ്ധതി 2024 ഡിസംബറിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. തുറമുഖ പ്രവർത്തനങ്ങൾക്കായുള്ള 16 ക്രെയിനുകൾ വിഴിഞ്ഞം തുറമുഖത്തിലെത്തിച്ചു കഴിഞ്ഞു. ശേഷിക്കുന്നവ മാർച്ച് മാസത്തോടു കൂടി എത്തിക്കുന്നതാണ്.<br><br>പുലിമുട്ട് നിർമ്മാണത്തിന്റെയും മറ്റ് പ്രവൃത്തികളുടെയും പുരോഗതി നിരന്തരം വിലയിരുത്തി, |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകത്തക്ക വിധത്തിൽ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ പദ്ധതി പ്രദേശത്തെ ജനങ്ങളെ വിശ്വാസത്തിലെടുത്ത് പുതിയ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം തീരത്തുനിന്നും ആരെയും കുടിയൊഴിപ്പിച്ചിട്ടില്ല. തുറമുഖത്തിനായി സ്ഥലം ഏറ്റെടുത്ത എല്ലാവർക്കും അർഹമായ സ്ഥലവിലയും ഇതര പുനരധിവാസ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടു പോകുന്നത്.<br><br>തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 5,60,000/- രൂപ വീതം 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 43 പേർക്ക് 1.81 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. |

| | | | | |
|---|---|---|---|---|
| | | | | ുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശ ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ശുദ്ധജല വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ 1000 ൽപ്പരം ശുദ്ധജല വിതരണ കണക്ഷൻ സൗജന്യമായി നൽകിക്കഴിഞ്ഞു. ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിലെ വിഴിഞ്ഞം CHC യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യം നിരവധി തവണ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിവരുന്നു. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇവിടെ തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശ വാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോട്ടു കൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുക യാണ്.<br><br>ഇതിനു പുറമേ കരാർ കമ്പനി അവരുടെ പൊതു നന്മ ഫണ്ടിൽ നിന്നും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ